പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3255 20.06.2014- ൽ മറുപടിക്ക്

## അനാഥ സംരക്ഷണ പദ്ധതി

ചോദ്യം

ശ്രീ. വി.എസ്. സുനിൽകുമാർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ സാഹചര്യങ്ങളിൽ അനാഥത്വമനുഭവിക്കുന്ന കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ രൂപം നൽകിയിട്ടുണ്ടോ; | (എ) | Adoption, Foster Care എന്നീ പദ്ധതികൾ ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ കീഴിൽ നടന്നു വരുന്നു. സ്കൂളിൽ പഠിക്കുന്ന അർഹതപ്പെട്ട കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കി വരുന്നു. സ്ഥാപനങ്ങളിൽ താമസിച്ച് പഠനം നടത്താൻ അർഹതയുള്ള കുട്ടികൾ ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത സ്ഥാപനങ്ങളിൽ താമസിച്ച് തുടർപഠനം നടത്തിവരുന്നു. |
| (ബി) | അനാഥാലയങ്ങളുടെയും മറ്റ് ക്ഷേമ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുവാനും, ഗുണനിലവാരം ഉറപ്പാക്കുന്നതിനും ജില്ലാതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി സഉ (സാധാ) 453/12/സാക്ഷേവ തീയതി 13.10.2012 പ്രകാരം രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. |
| (സി) | അനാഥസംരക്ഷണ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | 1. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ 34,000/- രൂപയും നഗര പ്രദേശങ്ങളിൽ 38,000/- രൂപയും വാർഷിക വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ കുട്ടികളെ താമസിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 2. ഇവർക്ക് സ്ഥാപനങ്ങളിലൂടെ വിദ്യാഭ്യാസം നൽകുന്ന പദ്ധതി നിലവിലുണ്ട്.<br>3. ഇവരുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി +2 പ്രവേശനം ഉറപ്പാക്കുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവരുടെ ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് ചിലവുകൾ സർക്കാർ വഹിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചു. ഇവരുടെ വിവാഹം സംബന്ധിച്ച മാർഗ്ഗ രേഖയും 50,000/- രൂപ ധനസഹായം നൽകുന്ന പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ